## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

ഇ6-5314/2020 തീയതി- 30.07.2021

## സർക്കുലർ നമ്പർ: 18/2021-2022

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – എറണാകുളം- ദിവസ /കരാർ വേതന ജീവനക്കാരുടെ ഹാജർനില കോവിഡ് പശ്ചാത്തലത്തിൽ 25%, 50% എന്നിങ്ങനെയായി തുടർന്ന കാലയളവിലെ വേതനം അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നിർദ്ദേശങ്ങൾ ബോർഡിൽ ബാധകമാക്കുന്നത് സംബന്ധിച്ച്

പരാമർശം- 19.07.2021 തീയതിയിലെ സ.ഉ (പി) നം.100/2021/ധന

കോവിഡ്-19 രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ ലോക് ഡൗണിന് ശേഷം കോവിഡ് വ്യാപനത്തിനനുസരിച്ച് മേഖല അടിസ്ഥാനത്തിലെ നിയന്ത്രണങ്ങൾക്ക് അനുസരിച്ച് സ്ഥിരം ജീവനക്കാർക്ക് ഹാജർ ഇളവ് നൽകുന്ന സാഹചര്യങ്ങളിൽ ടി ആനുകൂല്യം ദിവസ / കരാർ വേതന ജീവനക്കാർക്കും ലഭ്യമാകുന്ന രീതിയിൽ അവരുടെ ഹാജർ നില ക്രമപ്പെടുത്തുന്നതിനും അനുമതി നൽകി കൊണ്ട് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ദിവസ വേതന/കരാർ ജീവനക്കാർ പ്രവൃത്തി ദിനങ്ങളുടെ യഥാക്രമം 50%, 25% മോ അതിലധികമോ ദിവസങ്ങൾ ജോലിയ്ക്ക് ഹാജരാകുന്നുവെങ്കിൽ ടി കാലയളവിൽ ഹാജരാകേണ്ടിയിരുന്ന മുഴുവൻ പ്രവൃത്തി ദിനങ്ങളും ഡ്യൂട്ടി ചെയ്തതായി കണക്കാക്കി വേതനം നൽകുന്നതിനും, 50%, 25% ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നൽകാവുന്നതാണ് എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യ സർവ്വീസിലുള്ളവർ ഓഫീസിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയും, ദിവസ /കരാർ വേതന ജീവനക്കാർ വർക്ക് ഫ്രം ഹോം ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾ പരിശോധിച്ച് ഉറപ്പ് വരുത്തിയും അടിയന്തിര ഘട്ടങ്ങളിൽ മേലുദ്യോഗസ്ഥർ ആവശ്യപ്പെടുകയാണെങ്കിൽ ദിവസ /കരാർ വേതന ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തിയും,

മേൽ പരാമർശം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസ /കരാർ വേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനും ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാകമ്മിറ്റി/കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർ

പകർപ്പ്-

എഫ്ഒ/സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം.
അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു & ഇ) (പി & എ) (ഐ & എ) (സ്റ്റാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്, ഫിനാൻസ്, ക്യാഷ്, ഓഡിറ്റ്)
ഇ2, ഇ3, ഇ4, ഇ5, ബിൽ, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

Jayagopalkesh

// ജൂനിയർ സൂപ്രണ്ട്//